**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് – കായംകുളം മുനിസിപ്പാലിറ്റി - മൾട്ടിപ്ലക്സ് തീയേറ്റർ ശിലാസ്ഥാപനം - ഉദ്ഘാടന ചെലവിനും പ്രചരണ പ്രവർത്തനങ്ങൾക്കും തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 735/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 28/03/2019

---

പരാമർശം:- 1. കായംകുളം നഗരസഭയുടെ കൗൺസിലിന്റെ 23/02/2019 ലെ V(I) നമ്പർ തീരുമാനം.

2. കായംകുളം നഗരസഭാ സെക്രട്ടറിയുടെ 25/02/2019 ലെ PW3-4620/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കായംകുളം നഗരസഭ മൾട്ടിപ്ലക്സ് തീയേറ്റർ ശിലാസ്ഥാപനം 25/02/2019 ന് മുഖ്യമന്ത്രി നിർവ്വഹിക്കുകയും ഉദ്ഘാടന ചടങ്ങിലേക്കുള്ള ചെലവുകൾക്കായും പ്രചരണ പ്രവർത്തനങ്ങൾക്കും വേണ്ടി 2 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം കായംകുളം നഗരസഭാ സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കായംകുളം നഗരസഭ മൾട്ടിപ്ലക്സ് തീയേറ്റർ ശിലാസ്ഥാപന ഉദ്ഘാടനത്തിനും പ്രചരണ പ്രവർത്തനങ്ങൾക്കുമായി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും 2,00,000/- (രണ്ട് ലക്ഷം) രൂപ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കായംകുളം നഗരസഭ,
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.